## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി.വി IAS )

വിഷയം: വനിത ശിശു വികസന വകുപ്പ് – മഹിള ശക്തി കേന്ദ്ര 2021-22 District Level Centre for Women – വിവിധ ആവശ്യങ്ങൾക്കുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 85/2019/സാനീവ തീയതി 12.02.2019.
2. സ.ഉ (സാധാ) നം. 793/2019/സാനീവ തീയതി 19.12.2019.
3. സ.ഉ (സാധാ) നം. 533/2019/സാനീവ തീയതി 07.10.2020.
4. 22.06.2021 തീയതിയിലെ CW-II-3-/18/2019-CW-II നമ്പർ കേന്ദ്ര സർക്കാർ കത്ത്.

==================================================================

ഉത്തരവ് നം. WEC-4/8180/19 തീയതി : 17.08.2021

==================================================================

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും ലഭ്യമാക്കി വനിതകളെ ശാക്തീകരിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിള ശക്തി കേന്ദ്ര (MSK) പദ്ധതി. ടി പരിപാടിയുടെ നടത്തിപ്പിനായി പരാമർശം (1), (2), (3) പ്രകാരം എല്ലാ ജില്ലകളിലും District Level Centre for Women ( DLCW) ആരംഭിക്കുന്നതിനു ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

District Level Centre for Women (DLCW) യുടെ 2021-22 വർഷത്തെ വിവിധ ആവശ്യങ്ങൾക്ക് തുക അനുവദിക്കേണ്ടതുണ്ട്. DLCW യുടെ 30.09.2021 വരെയുള്ള പ്രവർത്തനങ്ങൾക്ക് ചുവടെ ചേർത്തിട്ടുള്ള പ്രകാരം തുക അനുവദനീയമാണ്.

| ക്രമ നം. | ഇനം | അർഹതപ്പെട്ട തുക | | ഇതുവരെ അനുവദിച്ച തുക | 30.09.2021 വരെയുള്ള ചെലവുകൾക്ക് അനുവദിക്കുന്ന തുക(per district) | | |
|---|---|---|---|---|---|---|---|
| | | Per month | Annual Budget | | കേന്ദ്ര വിഹിതം(60%) | സംസ്ഥാന വിഹിതം(40%) | ആകെ തുക |
| 1 | Establishment charges | 100000 | 100000 | 0 | 30000 | 20000 | 50000 |
| 2 | Office Expenditure | 50000 | 50000 | 0 | 15000 | 10000 | 25000 |
| 3 | Local Travelling expenditure | 10000 | 120000 | 0 | 36000 | 24000 | 60000 |
| 4 | Communication expenditure | 5000 | 60000 | 15000 | 9000 | 6000 | 15000 |
| | | | 1230000 | 15000 | 90000 | 60000 | 150000 |
| 14 ജില്ലകൾക്കുമായി അനുവദിക്കാവുന്ന തുക | | | | | 1260000 | 840000 | 2100000 |

ടി സാഹചര്യത്തിൽ മേൽ പട്ടിക പ്രകാരം District Level Centre for Women (DLCW) യിലെ 30.09.2021 വരെയുള്ള പ്രവർത്തനങ്ങൾക്കായി ഒരു ജില്ലയ്ക്ക് 1,50,000/- രൂപ വീതം 14 ജില്ലകൾക്കുമായി ആകെ 21,00,000/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

ടി തുകയിൽ കേന്ദ്ര വിഹിതം തുകയായ ആകെ 12,60,000/-രൂപ (പന്ത്രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 2235-02-103-54-01 (P) ശീർഷകത്തിൽ നിന്നും, സംസ്ഥാന വിഹിതം തുകയായ 8,40,000/-രൂപ( എട്ടു ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) 2235-02-103-54-02 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

പകർപ്പ്:

1.സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)

2.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.